# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.P(6)-306/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.P(6)-306/2023 തീയ്യതി: 14/04/2023

# തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 17-02-2023 | 25-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-02-2023 | 25-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സദാനന്ദൻ പി.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.ജോമോൻ ഇ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ പി.ബി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി രേഖ ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി കെ കെ ഉഷാദേവി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് കെ എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ.മായാദേവി എം ആർ | കൃഷി ഓഫീസർ | 01-04-2021 | 27-08-2021 |
| ശരത്ത് മോഹൻ പി പി | കൃഷി ഓഫീസർ | 28-08-2021 | 16-10-2021 |
| ഡോ.ജസ്ന മരിയ പി എൽ | കൃഷി ഓഫീസർ | 17-10-2021 | 31-03-2022 |
| സിനി തോമസ് പി | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ഗ്രീഷ്മ പി | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 01-04-2021 | 31-03-2022 |
| ഡോ.രമ്യ എസ് പിള്ള | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ആഗ്നസ് ക്ലീറ്റസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.ഗിരിജ എം പി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| സ്റ്റെല്ല വി ജെ | പ്രധാന അധ്യാപിക | 01-04-2021 | 31-03-2022 |
| ദീപക് പി ഗോകുൽ | വി ഇ ഒ, കൈപ്പറമ്പ് സർക്കിൾ | 01-04-2021 | 26-10-2021 |
| കാവ്യ പി സി | വി ഇ ഒ, കൈപ്പറമ്പ് സർക്കിൾ | 27-10-2021 | 31-03-2022 |
| ഷാജു എം എ | വി ഇ ഒ, പേരാമംഗലം സർക്കിൾ | 01-04-2021 | 31-03-2022 |
| റെസ്സി റാഫേൽ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| പൂർണ്ണിമ കെ ദാസ് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സി വി സുഷമ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 19-04-2021 |
| വിനീത് എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-04-2021 | 06-07-2021 |
| ശ്രീനാഥ് സി യു | ഡയറി എക്സ്റ്റൻഷൻ | 07-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ജോമോൾ സി ബേബി | ഫിഷറീസ്എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി | 1-10-2 |
| 13 | ഒറ്റത്തവണയായി ഡിമാന്റ് എഴുതി | 1-10-3 |
| 14 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-4 |
| 15 | Prior Period Item -അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഇല്ല | 1-10-5 |
| 16 | വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. | 1-10-6 |
| 17 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-10-7 |
| 18 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് | 1-10-8 |
| 19 | സ്റ്റോക്കിന്റെ ഭൌതിക പരിശോധന | 1-10-9 |
| 20 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-10-10 |
| 21 | Capital Work In Progress | 1-10-11 |
| 22 | വായ്പ രജിസ്റ്റർ | 1-10-12 |
| 23 | ട്രയൽ ബാലൻസിലെ നീക്കിയിരിപ്പ് തുകകൾ ഡെബിറ്റ് സൈഡിലും ക്രെഡിറ്റ് സൈഡിലും ഒരേ സമയം ഉൾപ്പെടുത്തിരിക്കുന്നു. | 1-10-13 |
| 24 | എഫ്.എ.സി.ടി.ഇ.ഓ.എസ് ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-11 |
| 25 | ലേലം നടപടികൾ അറിയിക്കേണ്ടതാണ് | 1-12 |

| | | |
|---|---|---|
| 26 | വസ്തുനികുതി നിർണ്ണയം - ഒരേ റോഡിനെ വ്യത്യസ്ത തരത്തിൽ ഉൾപ്പെടുത്തുന്നു. | 1-13 |
| 27 | ആയുർവേദ സുഖചികിത്സാ കേന്ദ്രത്തെ 'റിസോർട്ട്' ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി വരുന്നു. | 1-14 |
| 28 | പന്നി ഫാമുകൾക്ക് ലൈസെൻസ് എടുക്കുന്നില്ല | 1-15 |
| 29 | തൊഴിൽ നികുതി അപാകതകൾ | 1-16 |
| 30 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു | 1-17 |
| 31 | ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-18 |
| 32 | സാമൂഹ്യസുരക്ഷാ മിഷൻ തുക കൈമാറൽ - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-19 |
| 33 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും വകയിരുത്തിയ തുക മുഴുവനും ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല | 1-20 |
| 34 | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം - ജി. എസ്.റ്റി.-ടി.ഡി.എസ്. ഈടാക്കിയില്ല | 1-21 |
| 35 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-22 |
| 36 | പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല 922908/രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 37 | കുടിവെള്ളം വിതരണം നടത്തിയ ടാങ്കർ ലോറിയുടെ ജിപിഎസ്. ലോഗ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല 31000/-തടസ്സപ്പെടുത്തുന്നു | 1-24 |
| 38 | 2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-25 |
| 39 | മണ്ണ് പ്രവൃത്തിക്ക് അധിക നിരക്കിൽ ജി എസ് ടി നൽകി | 1-26 |
| 40 | കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 2461/- രൂപ അധികം നൽകി | 1-27 |
| 41 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല - തനത് ഫണ്ടിൽ നിന്നും 884932 രൂപയുടെ അധിക ചെലവ് | 1-28 |
| 42 | കുടിവെള്ള ഹോസ് വാങ്ങിയത് - ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഹാജരാക്കിയില്ല 4200/-രൂപ തടസ്സപ്പെടുത്തുന്നു | 1-29 |
| 43 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല 200000 രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |

| | | |
|---|---|---|
| 44 | മൽസ്യകൃഷി ഇൻഷുറൻസ് നടപ്പിലാക്കണം. | 1-31 |
| 45 | ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം | 1-32 |
| 46 | സ്പോർട്ട്സ് കിറ്റ് വിതരണം -അപാകതകൾ | 1-33 |
| 47 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകങ്ങൾ | 1-34 |
| 48 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-35 |
| 49 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം. | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മണ്ണ് പ്രവൃത്തിക്ക് അധിക നിരക്കിൽ ജി എസ് ടി നൽകി - നഷ്ടം 17841/-രൂപ | 3-1 |
| 2 | കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 2461/- രൂപ അധികം നൽകി | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20.02.2021 | 1 | 226280446 | 227869346 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25.03.2022 | 1 | 175506321 | 181549634 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് പുന സമർപ്പിച്ചതീയതി. |
|---|---|---|
| 31-07-2022 | 1-7-22 | 04-08-2022 |

വാർഷിക കണക്കുകൾ ജൂലൈ 31 ന് മുമ്പായി സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16023897 |
| വരവ് | 92087391 |
| ആകെ | 108111288 |
| ചെലവ് | 88691391 |
| നീക്കിയിരിപ്പ് | 19419897 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16744427 | 16744427 | 16489029 | 255398 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6588578 | 6588578 | 6191571 | 397007 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11230000 | 11230000 | 11180575 | 49425 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5683809 | 5683809 | 3289936 | 2393873 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 4362258 | 4362258 | 3550285 | 811973 |
| ടൈഡ് ഗ്രാന്റ് | 0 | 5772287 | 5772287 | 2910646 | 2861641 |

### 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി ശതമാനം | നടപ്പാക്കിയ പദ്ധതിയുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 217 | 87888414 | 175 | 58943686 | 67 | 80.65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5589.52 | 1966614 | 1972203.52 | 1972192.65 | 10.87 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11320146 | 11320146 | 11320146 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 3521349 | 3521349 | 3521349 | 0 |
| ആകെ | 5589.52 | 16808109 | 16813698.52 | 16813687.65 | 10.87 |

മുകളിൽ പറഞ്ഞ കണക്കുകൾ വാർഷിക കണക്കിലെ ഈ ഇനത്തിലെ വരവ്-ചെലവുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1200 (തുക തിരിച്ചടച്ചു) | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6861000 | 412 |
| വിധവാ പെൻഷൻ | 21896000 | 1419 |
| വാർദ്ധക്യകാലപെൻഷൻ | 35285800 | 2523 |
| വികലാംഗ പെൻഷൻ | 5489700 | 357 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3481400 | 224 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.02.2023 തീയതിയിൽ 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31099/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.2/20.02.2023)

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10-2 വസ്തു നികുതി

### 1-10-2.1 തൻവർഷം

#### 1-10- 2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3545624 | 3352969 | 41026 | 154438 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3545624 | 3350160 | 41026 | *154438 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(162348/105X100)= 154617 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

#### 1-10- 2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4450942 | 3720055 | 45019 | 691394 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4450942 | 3714529 | 45019 | *691394 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(726048 /105X100)= 691474 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

### 1-10-2.2കുടിശ്ശിക

#### 1-10- 2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 331049 | 241558 | 94200 |
| വാർഷികകണക്കിലെ | *323228 | 237082 | **94200 |

| | | | |
|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (254372 + 85018 =339390/105*100) =323228 | (തൻ വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(തൻവർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (99231/105X100)=94505 |

<u>1-10-2.2.2നോൺ-റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1038969 | 197662 | 841827 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1013761 | 197253 | 841827 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(518594 + 545856 = 1064450/105*100) | (തൻ വർഷത്തെ റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(884058/105X100)=841960,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (തൻ വർഷത്തെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>1-10-2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 181366 | 18271 | 199637 | 171149 | 12392 | 183541 | 2388 | | 7910 | 5082 | 13174 |
| | നോൺ-റെസിഡൻഷ്യൽ | 223722 | 52390 | 276112 | 187014 | 9936 | 196950 | 2286 | | 172899 | 42337 | 76996 |
| | ആകെ | | | 475749 | | | 380491 | 4674 | | 90170 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 474628 | | | 381154 | | | | 385579 (173456+ 13007+ 189068+ 10048) | 90170 | | |
| | | 69540 (B15 20-21) + 4055088 (Current) = 474628 (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101-State Govt. Cess/levies... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies. ലെഡ്ജർ 2021-22) | (കറന്റ് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1-10- 2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:1-10-2.1.1,

1-10-2.1.2, 1-10-2.2.1, 1-10-.2.2.2, 1-10-2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

1-10- 2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/22 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 തൻ വർഷം പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 12660 | 642838 |
| 2 | 350410104 -Advance Collection Of Revenues -Property Tax On Non-Residential Building | 5472 | 251718 |

1-10- 2.6 1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ കൈപ്പറമ്പ്ഗ്രാമപഞ്ചായത്തിൽ 287 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10- 2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 381154 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 380491 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ

നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 385579 പയാണ്. (വൗച്ചർ 42100265 തീ 31 .3 22 )(പട്ടിക 1-10-2.3 കാണുക )

1-10- 2.8 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 5724 | 41026 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 7032 | 45019 |

1-10- 2.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 39548 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>1-10-2.9.1 റെസിഡൻഷ്യൽ</u>

| ക്ര. നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 42100266 | 30.3.22 | 35302 |

<u>1-10-2.9.2 നോൺ-റെസിഡൻഷ്യൽ</u>

| ക്ര. നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1. | 42100266 | 30.3.22 | 4246 |

1-10- 2.10 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5%

ലൈബ്രറി സെസ്സ് ഉൾപ്പെടെ)18,71,685 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 89,128 (18,71,685/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 90,170രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-10-3 ഒറ്റത്തവണയായി ഡിമാന്റ് എഴുതി

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കെട്ടിടങ്ങൾ) | 130100101-Rent From Building | 953103 | 1.4.21 | 42100293 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്

### 1-10-4 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-10-5 Prior Period Item -അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 50,597 |

| | |
|---|---|
| 280100104-Prior Period Income-Property Tax On Non Residential Buildings | 6,510 |
| 280100102-Prior Period Income- Profession Tax-Institution/professionals/Traders | -3,26,430 |
| 280100105-Prior Period Income -Services On Residential Building | -7,216 |
| 280100106-Prior Period Income -Services On Non-Residential Building | 1,477 |
| 280200201-Prior Period Income -License Fees | -29,100 |
| 280500101-Prior Period Expenses -Tax Remmission And Refund-Property Tax On Residential Buildings | 5,838 |
| 280800201-Prior Period Adminstrative Expenses | 2,46,732 |
| 280800701-Prior Period -Miscellaneous Expenses | -73,09,918 |

1-10-6 വൗച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 33,96,000രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,15,33,607രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-8 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ്

31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101 Other Fixed Assets എന്ന ആസ്തിക്ക് 1,95,101 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation -7,66,282രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-10-9 സ്റ്റോക്കിന്റെ ഭൌതിക പരിശോധന

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

### 1-10-10 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| മുണ്ടൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 167002 | 31.8.21 | 600 |
| മുണ്ടൂർ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 164085 | 04.05.21 | 1,310 |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് (തനത് ഫണ്ട്) | 24081 | 12.10.21 | 5,838 |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് (തനത് ഫണ്ട്) | 022428 | 31.03.21 | 2,169 |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് (തനത് ഫണ്ട്) | 022465 | 15.03.21 | 10,000 |

### 1-10-11 Capital Work In Progress

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 996279 രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ തുകയൊന്നും ചേർത്തിട്ടില്ല .

### 1-10-12 വായ്പ രജിസ്റ്റർ

വായ്പ ഇനത്തിൽ തൻവർഷം 968000 തിരിച്ചടച്ചിട്ടുണ്ട്. 31/3/2022 ൽ 7656000രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയ വായ്പ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-10-13 ട്രയൽ ബാലൻസിലെ നീക്കിയിരിപ്പ് തുകകൾ ഡെബിറ്റ് സൈഡിലും ക്രെഡിറ്റ് സൈഡിലും ഒരേ സമയം ഉൾപ്പെടുത്തിരിക്കുന്നു.

പരിശോധനക്കായി ഹാജരാക്കിയ ട്രയൽ ബാലൻസിലെ നീക്കിയിരിപ്പ് തുകകൾ ഡെബിറ്റ് സൈഡിലും ക്രെഡിറ്റ് സൈഡിലും ഒരേ സമയം ഉൾപ്പെടുത്തിരിക്കുന്നു. ആയതു അക്കൗണ്ടിംഗ് തത്വങ്ങൾക്ക് വിരുദ്ധമാണ്. ആകാരണത്താൽ ട്രയൽ ബാലൻസിന്റെയും മുഴുവൻ അക്കൗണ്ട്സിന്റെയും ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റിനായില്ല.

### 1-11 എഫ്.എ.സി.ടി.ഇ.ഓ.എസ് ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2021-22 FACTEOS ലൈസൻസ് രെജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | സിൻഡ്രല്ല ബ്യൂട്ടി പാർലർ | 5/272A |
| 2. | നീലങ്കാവിൽ കോൺക്രീറ്റ് പ്രോഡക്ട്സ് | 18/56 |
| 3. | ഗോൾഡൻവ്യൂ സ്റ്റേഷനറി | 12/420 |
| 4. | സെൻട്രൽ ഗ്രാനൈറ്റ്സ് | 5/639 A |
| 5. | പ്രഭ ഡെന്റൽ ക്ലിനിക് | 5/235 |
| 6. | എ വൺ ടൂൾസ് | 1/628,629 |

| | | |
|---|---|---|
| 7. | ബ്രദേഴ്സ് റൈസ് മിൽ | 18/180 |
| 8. | ആൻ മരിയ സ്റ്റോഴ്സ് | 10/303 |
| 9. | മെട്രോ സ്റ്റീൽ ട്രേഡിങ്ങ് | 15/20A |
| 10. | ദിയ | 10/486 C |
| 11. | പുഴയ്ക്കൽ ബ്ലോക്ക് പ്രവാസി സഹകരണ സംഘം | 15/395 R |
| 12. | റോസി കോക്കനട്ട് ഓയിൽ കമ്പനി | 4/165 A |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/23.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 ലേലം നടപടികൾ അറിയിക്കേണ്ടതാണ്

2021-22 ൽ താഴെ പറയുന്ന വിവിധ ലേലങ്ങൾ നടത്തുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആയത് നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
ഭരണസമിതി തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.
1. തീയതി : 16.8.21
തീരുമാനം : 9/1
ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉപയോഗ ശൂന്യമായ THOSHIBA, E STUDIO, 230 A ഫോട്ടോ കോപ്പിയറിന് 3007/2021ലെ ESO/SR/36/21 നമ്പറായി PWD ELECTRONICS SECTION ൽ നിന്നും Essentiality Certificate ലഭ്യമായ സാഹചര്യത്തിൽ ഉപയോഗ ശൂന്യമായ THOSHIBA, E STUDIO, 230 A ഫോട്ടോസ്റ്റാറ്റ് മെഷീൻ പൊതു ലേലം ചെയ്ത് കൈയ്യൊഴിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിശ്ചയിച്ച് തീരുമാനിച്ചു.

2. തീയതി : 2.11.21
തീരുമാനം : 4/2
കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ മരങ്ങൾ 30.10.2021 തിയ്യതിയിൽ ലേലം ചെയ്തതിൽ താഴെ പറയുന്ന ഇനങ്ങളുടെ ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല എന്നുള്ളത് യോഗം പരിശോധിച്ചു. ആയതു പ്രകാരം ടി. മരങ്ങൾ പുനർലേലം ചെയ്യുന്നതിന് നിശ്ചയിച്ച് തീരുമാനിച്ചു.

1) വാർഡ് 18 ൽ (പുത്തൂർ) വൈദ്യുതി ലൈനിലേക്ക് മറിഞ്ഞു വീണ തേക്ക് മരം

2) വാർഡ് 18ൽ(പുത്തൂർ) വൈദ്യുതി ലൈനിലേക്ക് മറിഞ്ഞു വീണ താന്നി മരം

3) വാർഡ് 15 മുണ്ടൂർ കർമ്മലമാതാ പള്ളിക്കു സമീപം മുറിച്ചിട്ടുള്ള ഉങ്ങ് മരം

4) വാർഡ് 18 ൽ (പുത്തൂർ) തുല്യത അങ്കണവാടിക്കു സീപം മുറിച്ചിട്ട മുള്ളങ്കയനി മരം

5) വാർഡ് 18 ൽ (പുത്തൂർ) തുല്യത അങ്കണവാടിക്കു സീപം മുറിച്ചിട്ട വട്ട മരം

6) വാർഡ് 18 ൽ (പുത്തൂർ) തുല്യത അങ്കണവാടിക്കു സമീപം മുറിച്ചിട്ട തേക്ക് മരം

7) വാർഡ് 15 മുണ്ടൂർ പഴയങ്ങാടി പരിസരത്ത് മുറിച്ചിട്ട തെങ്ങ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/24.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയം - ഒരേ റോഡിനെ വ്യത്യസ്ത തരത്തിൽ ഉൾപ്പെടുത്തുന്നു.

താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ഒരേ റോഡിനെ വ്യത്യസ്ത റോഡ് തരത്തിൽ ഉൾപ്പെടുത്തി കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ വർധനവും ഇളവും നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിൻറെ സമീപമുള്ള റോഡിൻറെ പേര് | റോഡിൻറെ തരം | ആസ്തി രെജിസ്റ്റർ പ്രകാരം റോഡിന്റെ വീതി | അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ |
|---|---|---|---|---|---|
| 1 | 6/254 എ | മൈലാംകുളം റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | 5 മീ | വഴി സൗകര്യത്തിന് 10% ഇളവ് നൽകി. |
| | 6/254 ബി | മൈലാംകുളം റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | 5 മീ | വഴി സൗകര്യത്തിന് 20% വർദ്ധനവ് നൽകി. |
| 2 | 4/165 | അയിനിപ്പാറ ആറംപിള്ളി മഠം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ലഭ്യമല്ല | ഇളവും വർദ്ധനവും ഇല്ല |
| | 4/206 എ | അയിനിപ്പാറ ആറമ്പിള്ളി മഠം റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ലഭ്യമല്ല | വഴി സൗകര്യത്തിന് 20% വർദ്ധനവ് നൽകി. |
| 3 | 8/303A | അവണാവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | 6 മീ | ഇളവും വർദ്ധനവും ഇല്ല |
| | 8/239A | അവണാവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | 6 മീ | വഴി സൗകര്യത്തിന് 20% വർദ്ധനവ് നൽകി. |
| | 8/330A | അവണാവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | 6 മീ | വഴി സൗകര്യത്തിന് 20% വർദ്ധനവ് നൽകി. |
| 4 | 16/425 A | പുറ്റേക്കര ആണ്ടപറമ്പ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | 6 മീ | ഇളവും വർദ്ധനവും ഇല്ല |
| | 16/220 B | പുറ്റേക്കര ആണ്ടപറമ്പ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | 6 മീ | വഴി സൗകര്യത്തിന് 20% വർദ്ധനവ് നൽകി. |

അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/21.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് ആസ്തി രജിസ്റ്റർ പ്രകാരം റോഡിന്റെ വീതി നിജപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയിച്ച് ആയതു പ്രകാരം തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ആയുർവേദ സുഖചികിത്സാ കേന്ദ്രത്തെ 'റിസോർട്ട്' ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കി വരുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 'മജ്‌ലിസ് ആയുർവേദിക്ക് ഹെൽത്ത് പാർക്ക്, പെരിങ്ങന്നൂർ ' എന്ന സ്ഥാപനം (ഉടമയുടെ പേര് : സുമ കൃഷ്ണദാസ്, തിരുവെങ്കിടം) 2018-19 മുതൽ നാളിതുവരെ പഞ്ചായത്തിൽ നിന്നും വ്യാപാര സംരംഭക ലൈസൻസ്, സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് (നമ്പർ 5/ 21.5.21) എന്നിവ നേടിയിട്ടുള്ളതാണ്. ടി സ്ഥാപനത്തിന്റെ കെട്ടിട നമ്പർ 14/313 മുതൽ 320 വരെയാണ്. ആയുർവേദ വെൽനെസ്സ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വസ്തുനികുതി 'ആയുർവേദ സുഖചികിത്സാ കേന്ദ്രം' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയല്ല പകരം 'റിസോർട്ട്' ഗണത്തിൽ ഉൾപ്പെടുത്തിയാണ് ഈടാക്കി വരുന്നത്.
വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച. മീ.) | നിലവിൽ ഈടാക്കുന്ന ആകെ വാർഷിക വസ്തുനികുതി (വർദ്ധനവ് / ഇളവ് ,ലൈബ്രറി സെസ്, സർവീസ് ചാർജ്ജ് ഉൾപ്പടെ )(₹) |
|---|---|---|---|
| 1. | 14/313 | 100 | 8320 |
| 2. | 14/314 | 100 | 8320 |
| 3. | 14/315 | 100 | 8320 |
| 4. | 14/316 | 100 | 8320 |
| 5. | 14/317 | 100 | 9360 |
| 6. | 14/318 | 100 | 9360 |
| 7. | 14/319 | 100 | 8320 |
| 8. | 14/320 | 538.59 | 50413 |

പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം റിസോർട്ട് ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കു ഒരു ച. മീ. 80/- നിരക്കിലും ആയുർവേദ സുഖ ചികിത്സ കേന്ദ്രത്തിന് 160/- നിരക്കിലുമാണ് വസ്തുനികുതി ഈടാക്കേണ്ടത്. മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ ആയുർവേദ സുഖചികിത്സാ സേവനങ്ങൾ നൽകുന്നതിനാൽ ഇത്തരത്തിൽ തെറ്റായ ഗണത്തിൽ (റിസോർട്ട്) ഉൾപ്പെടുത്തി നികുതി ഈടാക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 1/ 17.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആയുർവേദസുഖ ചികിത്സാ കേന്ദ്രത്തിന് ഭരണസമിതി അംഗീകരിച്ച നിശ്ചയിച്ച നിരക്കിലുള്ള വസ്തുനികുതി, നാളിതുവരെ ഈടാക്കാനുള്ളത് കണക്കാക്കി ആയത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകളും പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 പന്നി ഫാമുകൾക്ക് ലൈസൻസ് എടുക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള പന്നികളുടെ എണ്ണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 10 / 22.2.23) 2019ലെ സെൻസസ് പ്രകാരം 369 എണ്ണം പന്നികൾ ഉണ്ടെന്നാണ് സീനിയർ വെറ്ററിനറി സർജൻ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം 10/- രൂപ ഫീസ് അടവാക്കി വളർത്തുന്നതിന് ലൈസൻസ് എടുക്കേണ്ടതാണ്. എന്നാൽ 2021-22ൽ ടി ലൈസൻസ് ആരും തന്നെ എടുത്തിട്ടില്ല. ചട്ടം 5 പ്രകാരം ചട്ടം ലംഘിച്ചവർക്ക് ശിക്ഷ (പിഴ 250 രൂപ വരെ) ഈടാക്കിയതായോ കാണുന്നില്ല. മേൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/25.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പന്നി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവക്കെതിരെ ചട്ടപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതും അധികൃതമാണെങ്കിൽ ലൈസൻസ് എടുപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി അപാകതകൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1. താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | നീതി കൺസ്യൂമർ സ്റ്റോർ, മുണ്ടൂർ. | 6/494D,494E |
| 2. | നീതി ഹൈ ടെക് ലാബ്, മുണ്ടൂർ. | 6/581 |
| 3. | നീതി ബിരിയാണി സെന്റർ , മുണ്ടൂർ. | 6/568 |
| 4. | നീതി സഹകരണ കൺസ്യൂമർ സ്റ്റോർ, കൈപ്പറമ്പ്. | 1/79C |
| 5. | ആൽഫി കമ്മ്യൂണിക്കേഷൻസ്, മുണ്ടൂർ. | 15/ 410 |
| 6. | നാരായണൻ കെമിക്കൽസ് | 18/ 483 |
| 7. | ഡിയർ ഹെയർ കട്ടിങ് സലൂൺ | 10 / 425 |

2. താഴെ ചേർത്തിരിക്കുന്ന പട്ടികയിലെ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ. | രണ്ട് |
| 2. | പ്രീതി കുറീസ് ആൻഡ് ഇൻവെസ്റ്റ്മെന്റ് കോർപറേഷൻ | രണ്ട് |
| 3. | ബെസ്ററ് റെഡിമിക്സ് വേലക്കോട് | ഒന്നും രണ്ടും |
| 4. | മജ്‌ലിസ് ആയുർവേദിക്ക് ഹെൽത്ത് പാർക്ക് | രണ്ട് |
| 5. | കൈരളി മെററൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് | രണ്ട് |
| 6. | പ്രൈം സ്റ്റാർ ഡയമണ്ട് | ഒന്ന് |
| 7. | ആരോമൽ ഫോഴ്സ് | ഒന്നും രണ്ടും |
| 8. | ശ്രീകൃഷ്ണ ഓട്ടോ ഫ്യൂവെൽസ് | ഒന്നും രണ്ടും |
| 9. | ജോസഫ് തരകൻ എൻജിനീയറിങ് | ഒന്നും രണ്ടും |
| 10. | കോസി പ്ലാനേഴ്സ് | ഒന്നും രണ്ടും |
| 11. | ഇൻസൈറ്റ് ബിൽഡേഴ്സ് | ഒന്നും രണ്ടും |
| 12. | റിലയൻസ് എസ്.എം.എസ്.എൽ. ലിമിറ്റഡ് | രണ്ട് |
| 13. | വൈശാലി മാർക്കറ്റിങ് | ഒന്ന് |
| 14. | കല്ലേരി റെസ്റ്റോറന്റ് | ഒന്നും രണ്ടും |
| 15. | പമ്പ് ഓപ്പറേറ്റർ | ഒന്നും രണ്ടും |
| 16. | ഡോക്ടർ പ്രവീണ വി.ജെ. ആൻഡ് ഡോക്ടർ ബിജു പാൽ | രണ്ട് |

| | | |
|---|---|---|
| 17. | സമൃദ്ധി ഫുഡ് ക്രാഫ്റ്റ് | രണ്ട് |
| 18. | ഗംഗ ഓട്ടോ ഫ്യൂവെൽസ് | ഒന്നും രണ്ടും |
| 19. | ആർദ്ര ബിൽഡേഴ്സ് | ഒന്നും രണ്ടും |
| 20. | റിലയൻസ് റീറ്റെയ്ൽ ലിമിറ്റഡ് എസ്.പി.ഫാർമ | രണ്ട് |

3. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

മേൽ സൂചിപ്പിച്ച ചട്ടപ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ അഗ്രീമെൻറ് രജിസ്റ്ററിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 2021 -22 ൽ വിവിധ പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | വിൻസെന്റ് പി.എൽ. | രണ്ട് |
| 2. | വിബിൻ വിൻസെന്റ് | രണ്ട് |
| 3. | അരുൺ സി .ആർ . | ഒന്നും രണ്ടും |
| 4. | ജിതിൻ സി.എ. | ഒന്നും രണ്ടും |
| 5. | റിൻസൺ ഇ.പി. | ഒന്നും രണ്ടും |
| 6. | ഇ. ആർ. രമേഷ് | ഒന്നും രണ്ടും |
| 7. | എ. ആർ. മുരളീധരൻ | ഒന്നും രണ്ടും |
| 8. | കെ.കെ. മുരളീധരൻ | ഒന്നും രണ്ടും |
| 9. | പി.ഒ. ബൈജു | ഒന്നും രണ്ടും |
| 10. | എം. എസ്. പ്രദീപൻ | ഒന്നും രണ്ടും |
| 11. | മണി കണ്ഠൻ വി.പി. | ഒന്നും രണ്ടും |
| 12. | ജോഷി ജോർജ്ജ് | ഒന്നും രണ്ടും |

4. 2021 -22 ലെ രണ്ടാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട സ്ലാബിൽ നിന്നും കുറവ് ഈടാക്കിയതായി കാണുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

| ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| സരസ്വതി എം. കെ. കൈപ്പറമ്പ് പോസ്റ്റ് ഓഫീസ് | 62,775 | 450/- | 600/- |
| ശകുന്തള കെ.ആർ. പി.ടി.സി.എം. ജി.എൽ.പി.എസ്. പഴമുക്ക് | 1,45,788 | 750/- | 1250/- |

5. 2021 –22 വർഷത്തിലെ വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതായി കാണുന്നു. വിവരങ്ങൾ ചുവടെ

പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | അക്ഷയ ഐ.ടി അക്കാദമി 15 / 395 എം. | 5 |
| 2. | നൈസ് ഫുഡ് പ്രോഡക്റ്റ് 14/239 | 5 |
| 3. | സ്റ്റാർ കൂളിംഗ് 15/ 412 ബി | 5 |
| 4. | ഐറിസ് ഒപ്റ്റിക്കൽ ടെക്നിക്കൽ യൂണിറ്റ് ആൻഡ് ഗൾഫ് ഒപ്റ്റിക്സ് 15 / 414 | 5 |
| 5. | എം. ലോൺസ് 10 / 449 എൽ | 4 |
| 6. | സി.എൻ.ജി.ഫർണിച്ചർ 12 / 196 | 4 |
| 7. | ജോമിക് ഇന്റീരിയർ പ്രോഡക്റ്റ് 3/490 | 4 |
| 8. | ടി.എം.ജി. ഇന്റീരിയർസ് 5/ 640 ബി | 5 |
| 9. | ബ്രിഹത്ത് ഹൈ ടെക് ലബോറട്ടറീസ് | 4 |
| 10. | ഇൻഡോ ഫുഡ് ഇൻഡസ്ട്രീസ് 2 / 140 | 8 |
| 11. | ലാവെൻഡർ ചുരിദാർ ടെംറ്റേഷൻ 10/ 403 എ | 6 |
| 12. | ശ്രീമാധവം ഹോട്ടൽ 6 / 188 | 4 |
| 13. | ചിത്ര ഹോട്ടൽ 1 / 74 എ | 4 |
| 14. | ശ്രീ മുരുകാ കാർ കെയർ 10/39 | 7 |
| 15. | പ്രദീപ് എൻജിനീയറിങ് ആൻഡ് ഓട്ടോ മൊബൈൽസ്, പേരാമംഗലം 14/6 | 4 |
| 16. | ആത്രേയ ക്രിക്കറ്റ് അക്കാദമി ആൻഡ് എംപവർമെൻറ് സെന്റർ 14/439 എ | 4 |
| 17. | ദക്ഷിൺ ഐസ് ഹോട്ടൽ 13/91 | 7 |
| 18. | സെന്റ് ജോസഫ് സോ മിൽസ് 1/364 | 5 |
| 19. | ദി ട്രേഡ് ലിങ്ക് 12/7 എ, 7 ബി | 5 |
| 20. | ട്രിച്ചൂർ പോളിമേഴ്സ് 7/363, 363 എ , 367 | 9 |

മേൽ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് (നം.5/22.02.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 കുറഞ്ഞ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നു

താഴെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ കണക്കാക്കി ഈടാക്കി വരുന്നതായി കാണുന്നു.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | നിലവിൽ ഉൾപ്പെടുത്തിയ കെട്ടിട ഉപയോഗ ക്രമം | തറ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക്(₹) | ഈടാക്കുന്ന ആകെ വാർഷിക വസ്തു നികുതി (വർദ്ധനവ്/ ഇളവ്,സെസ്സ്, | തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട വസ്തു നികുതി നിരക്ക് (₹) | ഈടാക്കേണ്ട ആകെ വാർഷിക വസ്തു നികുതി (വർദ്ധനവ്/ ഇളവ് ,സെസ്സ്,സർവീസ് ചാർജ്ജ് ഒഴികെ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | സർവീസ് ചാർജ്ജ് ഉൾപ്പടെ)(₹) | | )(₹) |
| 1. | 1 /145 | മനോഷ്.കെ.കെ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 282 | 40/- | 10,265 | 60/- | 16,920 |
| 2. | 1 /490 F | ഷാജൻ ശാലിനി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 127.89 | 40/- | 7,584 | 60/- | 7,673. |
| 3. | 2/431 B | ജോസ് ,കോനിക്കര | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 108 | 40/- | 6,178 | 60/- | 6,480 |
| 4. | 6/498 | റാണി രാജു മുതൽ പേർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 110.45 | 40/- | 3,016 | 60/- | 6,627 |
| 5. | 12/207 | സെബാസ്റ്റ്യൻ ഇട്ട്യേച്ചൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 136.21 | 40/- | 7,085 | 60/- | 8,173 |
| 6. | 15/624 | ചിറ്റിലപ്പിള്ളി ജോസ് മകന് റോഫി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 775.6 | 40/- | 40,846 | 60/- | 46,536 |

മേൽ വിവരങ്ങൾ പ്രകാരം തെറ്റായ വസ്തുനികുതി നിരക്കിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ഈടാക്കി വരുന്നത്. യഥാർത്ഥത്തിൽ 100 ച. മീ. കൂടുതൽ തറ വിസ്തീർണ്ണമുള്ള ഈ കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ' എന്ന ഗണത്തിൽ ഉൾപ്പെടുത്തി 40/- നിരക്കിലാണ് വസ്തുനികുതി ഈടാക്കി വരുന്നത്. ഈ കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റസ്റ്റോറന്റ്, ഷോപ്പ്, ഗോഡൗൺ എന്നതിൽ ഉൾപ്പെടുത്തി 60/- രൂപ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ തെറ്റായ രീതിയിൽ വസ്തുനികുതി

നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ശരിയായ നികുതി നിർണ്ണയം നടത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-18 ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി ആൻഡ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾ 2021-22 വർഷത്തിൽ ഡി ആൻഡ് ഒ ലൈസൻസ് എടുക്കാതെ പ്രവൃത്തിച്ച് വരുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്/ സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | ആദിത്യ ഹോട്ടൽ | 6/535 |
| 2. | ക്രൈസ്റ്റ് മെഡിക്കൽസ് | 6/537 |
| 3. | ഫുട് വേവ് ഷോപ് | 6/539 |
| 4. | ബേക്കറി<br>കെ.വി. സെബി, കൊരട്ടി വീട് | 6/543 |
| 5. | സലൂൺ,<br>ആനീ പുത്തുക്കര | 6/548 |
| 6. | ഓൺലൈൻ സർവീസ്<br>പി.എ. കിഷോർ പറക്കാട്ടിൽ | 6/549 |
| 7. | സി.എ.രാജേഷ് ചിറ്റിലപ്പിള്ളി | 6/550 |
| 8. | കെ.പി.ഭരതൻ കഴിപറമ്പിൽ | 6/551 |
| 9. | രാമചന്ദ്രൻ വി.വി.<br>വലിയപറമ്പിൽ വീട് | 6/545 |
| 10. | ശ്രീരാഗ് തടത്തിൽ | 13/385 ബി |
| 11. | എൻ.ഡി. ലാസർ | 13/ 390 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-19 സാമൂഹ്യസുരക്ഷാ മിഷൻ തുക കൈമാറൽ - പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ 248/22 നമ്പർ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ കോക്ലിയർ ഇംപ്ലാന്റുകൾ ചെയ്ത കുട്ടികൾക്ക്, ഇതു പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും, ആയതിന്റെ പരിപാലന ചെലവുകൾക്ക് സഹായം ചെയ്യുന്ന പദ്ധതിയ്ക്കായി 2210101915/11.03.22 നമ്പർ വൗച്ചർ പ്രകാരം ₹3,05,080/- കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. 11.03.22 തിയതിയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4/1 നമ്പർ തീരുമാന പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തവരും, ധനസഹായം ആവശ്യമുള്ളവരുമായ നാല് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് പ്രോജക്ട് പ്രകാരം ചെലവഴിച്ച തുകയുടെ സഹായം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വിനിയോഗ വിവരം, കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.4/21.02.23) നൽകിയെങ്കിലും ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും വകയിരുത്തിയ തുക മുഴുവനും ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ 41/22 നമ്പർ പ്രോജക്ട് പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പിനായി വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും ₹20,78,960/-, ബ്ലോക്ക്പഞ്ചായത്ത് വിഹിതത്തിൽ നിന്നും

₹83,000/- ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും, ₹7,50,000/- ഉൾപ്പെടെ ആകെ ₹23,00,500/- ചെലവഴിച്ചിട്ടുള്ളതാണ്.

11.06.21ന് ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ യോഗ തീരുമാനം 2/7 പ്രകാരം, 2020-21 വാർഷിക പദ്ധതിയിൽ പ്രോജക്ടിനായി വകയിരുത്തിയിരുന്ന ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (ജനറൽ) പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ തുകയുടെ ആനുകൂല്യവും അനുവദിച്ചു നല്കുന്നതിനായില്ലെന്ന് വിലയിരുത്തുകയുണ്ടായി. ആനുകൂല്യമിനത്തിൽ കുറവ് വന്ന ₹5,84,800/- 2021-22 വാർഷിക പദ്ധതിയിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് അനുമതി നല്കുന്നതിനും യോഗം തീരുമാനിച്ചു. ആയതു പ്രകാരം പ്രോജക്ട് വിഹിതം വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും ₹4,56,800/-യും, ബ്ലോക്ക്പഞ്ചായത്ത് വിഹിതത്തിൽ നിന്നും ₹83,000/- ഉൾപ്പെടെ ആകെ 5,39,800 /- മുൻവർഷം അനുവദിക്കാതിരുന്ന ആനുകൂല്യം നല്കുന്നതിനായാണ് ചെലവഴിച്ചിട്ടുള്ളത്. മുൻ വർഷത്തെ അനുകൂല്യം തൊട്ടടുത്ത വർഷം നല്കുമ്പോൾ ആയത് സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തേണ്ടതായിരുന്നു.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 13-ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് നം.11/2016/തസ്വഭവ ഖണ്ഡിക:5.2.1(4) പ്രകാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പും ബത്തയും അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. 21.04.2021ലെ ഡിഎ1/401/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് പോലുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്നതിനുള്ള സംയുക്ത പ്രോജക്ടുകൾക്ക് തുക വകയിരുത്തണമെന്നും, അവരുടെ വിഹിതം ഗ്രാമപഞ്ചായത്തിലേയ്ക്കു കൈമാറണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും വകയിരുത്തിയ തുക മുഴുവനും ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനും അർഹമായ തുക മുഴുവൻ അതാതു വർഷം തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും നടപടികൾ ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.4/21.02.23)

## 1-21 അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം - ജി. എസ്.റ്റി.-ടി.ഡി.എസ്. ഈടാക്കിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥാനായ2021-22 വർഷത്തിൽ 42/22 നമ്പർ അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാരം പ്രോജക്ട് പ്രകാരം 'അമൃതം ഫുഡ് സപ്ലിമെന്റ്, സി.എഫ്.സി. യൂണിറ്റ്, തോളൂർ പഞ്ചായത്ത്, പി.ഓ. എടക്കളത്തൂർ, തൃശ്ശൂർ-680512 എന്ന സ്ഥാപനത്തിന് പോഷകാഹാരം വിതരണം ചെയ്തവകയിൽ താഴെ പറയും പ്രകാരം തുക വിതരണം ചെയ്തിട്ടുള്ളതാണ്.

| ക്രമ നം | വൗച്ചർ | | തുക |
|---|---|---|---|
| | നമ്പർ | തിയതി | |
| 1 | 22101351 | 01.07.21 | 4,21,417 |
| 2 | 22101350 | 01.07.21 | 1,54,780 |
| 3 | 22101365 | 10.09.21 | 8,18,823 |
| 4 | 22101429 | 23.12.21 | 3,08,182 |
| 5 | 22101862 | 14.02.22 | 2,97,939 |
| 6 | 22101783 | 27.03.22 | 2,15,981 |
| ആകെ | | | 22,17,122 |

മേൽ പരാമർശിച്ച ബില്ലുകളിലെല്ലാം തന്നെ 5% ജി.എസ്.റ്റി അടക്കമുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിരിക്കുന്നത്.

CGST Act2017ലെ വകുപ്പ് 51(1)ൽ വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടേയോ, സേവനങ്ങളുടേയോ രണ്ടിന്റേയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവു ചെയ്യാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act2017ലെ വകുപ്പ് 51(1)ലും സമാനമായ

വ്യവസ്ഥയുണ്ട്. ആയതിനാൽ CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകളിലൊന്നും തന്നെ അത്തരത്തിലൊരു കുറവ് വരുത്തിയിട്ടില്ലാത്തതാണ്. ആയതിനുള്ള കാരണം അറിയിക്കുന്നതിനാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ല. തുടർ വർഷങ്ങളിൽ കരാറുകാർക്ക് തുക അനുവദിക്കുമ്പോൾ 2% CGST, SGSTനികുതി സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.4/21.02.23)

## 1-22 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ട് വിശദാംശം | | നിർവ്വഹണ ഏജൻസി | വൌച്ചർ | | തുക (₹) |
|---|---|---|---|---|---|---|
| | നമ്പർ | പേര് | | നമ്പർ | തിയതി | |
| 1 | 2/22 | കാൻ തൃശ്ശൂർ | സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 22101507 | 05.01.22 | 1,00,000 |
| 2 | 1/22 | ഐ.കെ.എം. വിഹിതം അടവാക്കൽ | ഐ.കെ.എം. | 22101382 | 06.10.21 | 73,958 |
| | | | | 22101897 | 28.02.22 | 11,180 |
| 3 | 138/22 | ABC വിഹിതം അടവാക്കൽ | ജില്ലാ കുടുംബശ്രീ മിഷൻ | 22101349 | 30.06.21 | 1,00,000 |
| 4 | 114/22 | PMAY അധിക വിഹിതം നല്കൽ (ജനറൽ) | സെക്രട്ടറി പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് | 22101891 | 25.02.22 | 70,000 |
| 5 | 115/22 | PMAY അധിക വിഹിതം നല്കൽ (SCP) | സെക്രട്ടറി പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് | 22101892 | 25.02.22 | 70,000 |
| 8 | 159/22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | KSEB | 22101586 | 25.02.22 | 2,30,166 |
| 9 | 227/22 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ 2021-22 ബാക്കി തുക അടവാക്കൽ | KSEB | 22101587 | 25.02.22 | 1,09,864 |
| 10 | 15/22 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 22101777 | 27.03.22 | 14,190 |
| | | | | 22101831 | 25.03.22 | 3,481 |
| 11 | 10/22 | പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് 2021-22 വർഷത്തെ വിഹിതം നല്കൽ | പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-3 കോലഴി യൂണിറ്റ് | 22101205 | 24.12.21 | 30,000 |
| 12 | 145/22 | വാർഡ്-17 വൃന്ദാവൻ | ഭൂജല വകുപ്പ് | 22101716 | 25.03.22 | 60,000 |

| | | | | | | |
|---|---|---|---|---|---|---|
| | | കുടിവെള്ള പദ്ധതി കുടിവെള്ള പദ്ധതി | | | | |
| 13 | 246/22 | വാർഡ് 2 കെ ആർ നാരായണൻ കുടിവെള്ള പദ്ധതി എസ് സി | ഭൂജല വകുപ്പ് | 22101993 | 30.03.22 | 83,986 |
| 14 | 218/22 | വാർഡ്-1 നേതാജി കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 22101720 | 25.03.22 | 3,90,000 |
| 15 | 144/22 | വാർഡ്-4 കൊള്ളന്നൂർ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 22101717 | 25.03.22 | 91,000 |
| 16 | 216/22 | MCF പരിസരത്ത് കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ് | 22101718 | 25.03.22 | 97,000 |
| 17 | 215/22 | അകംപാടം കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 22101719 | 25.03.22 | 1,00,000 |
| 18 | 214/22 | വാർഡ്-14 പെരിങ്ങന്നൂർ ഇന്ദിരാഗാന്ധി കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 22101896 | 25.02.22 | 44,987 |
| | | | | 22101583 | 25.02.22 | 47,013 |

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.14/24.02.23)

## 1-23 പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല 922908/രൂപ തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ തെരുവ് വിളക്ക് വാർഷിക പരിപാലത്തിനുള്ള കരാർ 25.06.21 തീയതിയിലെ 2/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ശ്രീ.സുജിത്ത് എ.കെ., അരിയംപുറത്ത് ഹൗസ്, മഴവഞ്ചേരി, എരനെല്ലൂർ-പി.ഓ. എന്നവർക്ക് നല്കിയിട്ടുള്ളതാണ്. 28.06.21ന് കരാറുകാരനുമായി ഒപ്പുവെച്ച 06/21-22 നമ്പർ കരാർ ഉടമ്പടി ഖണ്ഡിക:2-ൽ കരാർ കാലയളവിൽ (28.06.21 മുതൽ 27.06.22 വരെ) പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരമുള്ള എല്ലാ തെരുവ് വിളക്കുകളും റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ഗ്രാപഞ്ചായത്തിലെ താഴെപറയുന്ന പ്രകാരമാണ് തെരുവുവിളക്കുകളുടെ എണ്ണം കാണിച്ചിരിക്കുന്നത്

| ക്രമ നം | തെരുവുവിളക്കുകളുടെ വിവരം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ട്യൂബ് 1X40W | 2900 | 390 | 11,31,000 |
| 2 | LED ബൾബ് 18 W | 886 | 350 | 3,10,100 |
| 3 | LED ലൈറ്റ് 110 W | 90 | 1000 | 90,000 |

| | | | | |
|---|---|---|---|---|
| 4 | LED ഹൈമാസ്റ്റ് 6X200W | 4 | 34000 | 1,36,000 |
| 5 | LED മിനിമാസ്റ്റ് 3X100W | 6 | 12000 | 72,000 |
| 6 | KSEB ടൈമർ ബോക്സ് | 89 | 700 | 62,300 |
| ആകെ | | | | 18,01,400 |

ആയതു പ്രകാരം കരാറുകാരന് താഴെ പറയും പ്രകാരം തുക അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്.

| ക്രമ നം | വൗച്ചർ | | തുക (₹) |
|---|---|---|---|
| | നമ്പർ | തിയതി | |
| 1 | 22101381 | 30.09.21 | 4,68,857 |
| 2 | 22101874 | 06.01.22 | 1,31,143 |
| 3 | 22101283 | 12.01.22 | 3,22,908 |
| | | ആകെ | 9,22,908 |

കരാർ ഉടമ്പടിയൽ പരാമർശിച്ചരിക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.14/24.02.23ന് മറുപടി അറിയിക്കുകയോ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുകയോ ഉണ്ടായില്ല. മേൽ പട്ടികപ്പെടുത്തിയതിൽ ക്രമ നമ്പർ (1)ൽ പറഞ്ഞിരിക്കുന്ന തുക അനുവദിച്ചിരിക്കുന്നത് 28-06-21 മുതൽ 30.09.21 വരെയുള്ള കാലയളവിലെയും, ക്രമ നമ്പർ (2),(3) എന്നിവയിൽ പറഞ്ഞിരിക്കുന്ന തുക അനുവദിച്ചിരിക്കുന്നത് 01-10-21 മുതൽ 31-12-21 വരെയുള്ള കാലയളവിലേതുമാണ്. തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പരും, എണ്ണവും രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ അഭാവത്തിൽ പട്ടിക-1ൽ പരാമർശിച്ചിരിക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം കണക്കാക്കിയതിന്റെയും, തെരുവ് വിളക്ക് വാർഷിക പരിപാലത്തിനുള്ള തുക അനുവദിച്ചതിന്റെയും ആധികാരികത പരിശോധിച്ചുറപ്പുവരുത്തുന്നതിന് ഓഡിറ്റിനായില്ല. മേൽ രേഖയുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവു ചെയ്ത ₹9,22,908/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.14/24.02.23)

## 1-24 കുടിവെള്ളം വിതരണം നടത്തിയ ടാങ്കർ ലോറിയുടെ ജിപിഎസ്. ലോഗ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല 31000/-തടസ്സപ്പെടുത്തുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പ് (എഫ്.എം) വകുപ്പിന്റെ 15.02.21ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 446/2021/തസ്വഭവ പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായിടങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവായിട്ടുള്ളതാണ്. ആയതു പ്രകാരം, കുടിവെള്ള ക്ഷാമം രൂക്ഷമായിടങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായിട്ടാണ് നിർദ്ദേശമുള്ളത്. പദ്ധതിയ്ക്കായി പണം നല്കുമ്പോൾ ജി. പി.എസ്. ലോഗും, വാഹനത്തിന്റെ ലോഗബുക്കും പരിശോധിച്ചതിനു ശേഷം മാത്രമേ തുക അനുവദിക്കാവൂ എന്നും നിർദ്ദേശമുള്ളതാണ്.തൃശ്ശൂർ ജില്ലാ കളക്ടറുടെ 05.05.21ലെ K2-1506/2021 നമ്പർ കത്തിലും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.02.21-ലെ കത്തിലും കുടിവെള്ള വിതരണം മോണിറ്ററിങ്ങ് നടത്തുന്നതിന് ജി.പി.എസ്. ട്രാക്കിംങ്ങ് സംവിധാനം ഏർപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

16.04.21 ന് എ2-1457/21 നമ്പരായി ജി.പി.എസ് ഘടിപ്പിച്ച ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതാണ്. കുടിവെള്ളം ലിറ്ററിന് 20 പൈസ രേഖപ്പെടുത്തിയ ജയശങ്കർ.പി.സി. ചുള്ളിയിൽ വീട്, കേച്ചരി എന്നവർക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള കരാർ 06.05.21-ലെ 2(1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുള്ളതുമാണ്. ശ്രീ.ജയശങ്കറിന് കുടിവെള്ളം വിതരണം ചെയ്തതിന് വൌച്ചർ നമ്പർ 22100559/13.08.21 പ്രകരം ₹15,000യും 22101485/01.02.22 പ്രകാരം ₹16,000യും ഉൾപ്പെടെ

ആകെ ₹31,000 പ്രേജക്റ്റിനായി ചെലവഴിച്ചിട്ടുള്ളതുമാണ്. തുക അനുവദിച്ചതിന്റെ ആധികാരികത പരിശോധിക്കുന്നതിനായി കുടിവെള്ളം വിതരണം നടത്തിയ ടാങ്കർ ലോറിയുടെ ജിപിഎസ്. ലോഗ് പരിശോധനയ്ക്കായി ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 16/25.02.23 നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയോ, ജിപിഎസ്. ലോഗ് പരിശോധനയ്ക്കായി ഹാജരാക്കുകയോ ഉണ്ടായില്ല, രേഖകളുടെ അഭാവത്തിൽ കുടിവെള്ള വിതരണത്തിനായി പ്രോജക്റ്റിൽ ചെലവഴിച്ചിരിക്കുന്ന ₹31,000/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ ചേർക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതു പണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

(ഓഡിറ്റ് എൻക്വയറി നം.16/25.02.23)

## 1-25 2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2021-22 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിനടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

<table>
<tr><th>ക്ര നം.</th><th colspan="3">2021-22</th></tr>
<tr><td>1</td><td colspan="2">2021-22 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം</td><td>182</td></tr>
<tr><td>2</td><td colspan="2">2021-22 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ മൂല്യം</td><td>16870386</td></tr>
<tr><td>3</td><td colspan="2">2021-22 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം</td><td>143</td></tr>
<tr><td>4</td><td colspan="2">2021-22 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ മൂല്യം</td><td>14841495</td></tr>
<tr><td>5</td><td colspan="2">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം</td><td>2899</td></tr>
<tr><td rowspan="3">6</td><td colspan="2">2021-22 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ</td><td>38264</td></tr>
<tr><td>സ്ത്രീ</td><td>പുരുഷൻ</td><td>ആകെ</td></tr>
<tr><td>33767</td><td>4497</td><td>38264</td></tr>
<tr><td>പട്ടിക ജാതി</td><td>പട്ടിക വർഗ്ഗം</td><td>മറ്റുള്ളവർ</td><td>ആകെ</td></tr>
<tr><td>10971</td><td>-</td><td>27293</td><td>38264</td></tr>
<tr><td>7</td><td colspan="2">2021-22 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം</td><td>644</td></tr>
<tr><td>8</td><td colspan="2">2021-22 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം</td><td>239</td></tr>
<tr><td>9</td><td colspan="2">മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷത്തിൽ വിതരണം ചെയ്ത വേതനം</td><td>11320146</td></tr>
</table>

| | | | |
|---|---|---|---|
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 31-03-2022 വിതരണം ചെയ്യാൻ കുടിശികയുള്ള വേതനം | | ഇല്ല |
| 2021-22 പദ്ധതികൾ സംബന്ധിച്ച വിശാദാംശം | | | |
| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
| 1 | പൊതു ആസ്തികൾ സൃഷ്ടിക്കൽ | 2 | 46768 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 11 | 251016 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 14 | 2490254 |
| 4 | ഭൂവികസനം | 63 | 8816777 |
| 5 | വ്യക്തിഗത ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ ആസ്തികൾ സൃഷ്ടിക്കൽ | 92 | 2303874 |

പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കൂടുതൽ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-26 മണ്ണ് പ്രവൃത്തിക്ക് അധിക നിരക്കിൽ ജി എസ് ടി നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം നടപ്പാക്കിയ പ്രോജക്ടിൽ അധിക നിരക്കിൽ ജി എസ് ടി അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | 77/22 – കാനകൾ വൃത്തിയാക്കൽ |
| അടങ്കൽ | 2,91,000/- (പൊതു - സാധാരണ) |
| ചെലവ് | 2,85,462/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 14/16.11.2021 |
| കരാറുകാരൻ | പ്രദീപൻ എം എസ് |
| എം ബി നമ്പർ | 52/20-21 |
| ആകെ പ്രവൃത്തി മൂല്യം | 254877/- |
| ജി എസ് ടി 12% | 30585.25 |
| ആകെ ബിൽതുക | 285462 |

കേന്ദ്ര ജി എസ് ടി ആക്ട് 2017 സെക്ഷൻ 2 ക്ലോസ് 119 പ്രകാരം ഈയിനം പ്രവൃത്തിക്ക് 5% ജി എസ് ടി മാത്രമേ നൽകേണ്ടതുള്ളൂ. അതിനു പകരം 12% ജി എസ് ടി അനുവദിച്ചതിനാൽ 17841 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/22.2.2023 -ന് മറുപടിയായി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% ജി എസ് ടി ഉൾപ്പെടുത്തിയതിന് പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി ലഭ്യമാക്കിയത് പ്രകാരമാണ് 12% ജി എസ് ടി അനുവദിച്ചത് എന്നാണ് അറിയിച്ചത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അർഹതയുള്ള ജി എസ് ടി നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് പകരം കൂടിയ നിരക്ക് ഉൾപ്പെടുത്തിയതിനാൽ താഴെ പറയുംപ്രകാരം 17841 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി പൊതു വിഭാഗം വികസനഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 254877 | 254877 | 0 |
| ജി എസ് ടി | 30585 | 12744 | 17841 |
| ആകെ | 285462 | 267621 | 17841 |

## 1-27 കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 2461/- രൂപ അധികം നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ തുക കരാർ തുക (Agreed P A C)-യിൽ ക്ലിപ്തപ്പെടുത്താതിരുന്നതിനാൽ 2461 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/22 |
| പ്രോജക്ടിന്റെ പേര് | മേഞ്ചേരി റോഡ് ടാറിങ്ങ് |
| അടങ്കൽ (MFR) | 275000/- |
| ചെലവ് | 275000/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 2/27.7.2021 |
| കരാറുകാരൻ | രമേഷ് ഇ ആർ |
| അളവ് പുസ്തകം നമ്പർ | 9/2020-21 |
| എഗ്രിമെന്റ് നമ്പർ | 14/20-21/AE/LSGD/KGP Dt.25.6.2020 |
| Agreed PAC | 243338/- |

കരാറുകാരന് നൽകിയ തുകയുടേയും നൽകേണ്ടിയിരുന്ന തുകയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക (PAC പ്രകാരം) |
|---|---|---|
| പ്രവൃത്തിമൂല്യം | 248791.12 | 243338 |
| GST 12% | 29854.96 | 29201 |
| ആകെ | 278646.05 | 272539 |
| നൽകിയ തുക | 275000 (Limited To T.S.Amount) | |

അധികം നൽകിയത് = 275000 - 272539 = 2461 രൂപ

മുകളിൽ പറഞ്ഞതുപ്രകാരം ആകെ 2461 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/22.2.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി എഗ്രിമെന്റ് തുകയിലല്ല, സാങ്കേതിക അനുമതി തുകയിലാണ് ബിൽ തുക ലിമിറ്റ് ചെയ്യാറുള്ളത് എന്നാണ് അറിയിച്ചത്. എന്നാൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ തന്നെ മറ്റ് പല വർക്കുകളും എഗ്രിമെന്റ് തുകയിൽ ലിമിറ്റ് ചെയ്താണ് നൽകിക്കാണുന്നത്. ആയതിനാൽ നഷ്ടം വന്ന തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-28 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയില്ല - തനത് ഫണ്ടിൽ നിന്നും 884932 രൂപയുടെ അധിക ചെലവ്

കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ താഴെ പറയും പ്രകാരം 8,84,932രൂപ 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | 22100056/20.4.2021 | 5609 |
| 2 | 22100117/30.04.2021 | 34812 |
| 3 | 230100104/18.05.2021 | 87567 |
| 4 | 22100232/31.5.2021 | 16276 |
| 5 | 22100313/16.6.2021 | 96572 |
| 6 | 22100420/12.07.2021 | 14869 |
| 7 | 22100426/12.07.2021 | 51521 |
| 8 | 22100539/11.08.2021 | 65918 |
| 9 | 22100738/13.09.2021 | 56163 |
| 10 | 22100835/07.10.2021 | 36725 |
| 11 | 22100858/18.10.2021 | 48932 |
| 12 | 22101032/12.11.2021 | 43709 |
| 13 | 22100982/8.11.2021 | 15750 |
| 14 | 22101123/07.12.2021 | 34239 |
| 15 | 22101129/9.12.2021 | 40833 |
| 16 | 22101472/1.2.2022 | 7864 |
| 17 | 22101478/1.2.2022 | 2263 |
| 18 | 22101550/15.2.2022 | 7394 |
| 19 | 22101554/15.2.2022 | 7829 |
| 20 | 22101690/14.3.2022 | 6171 |
| | ആകെ | 6,81,016 |

ഇത് കൂടാതെ പമ്പ് ഓപ്പറേറ്റർമാരുടെ വേതനം ഇനത്തിൽ 2021-22 വർഷത്തിൽ 1,60,825 രൂപയും റിപ്പയർ ഇനത്തിൽ 43091 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെ 8,84,932രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

2021-22 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം.22/2018/തസ്വഭവ. തീയതി 14.2.2018 ഖണ്ഡിക 6.6 കുറിപ്പ് 3 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ് എന്നും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയും ഗുണഭാക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾക്ക് കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പ് കൈമാറാത്തതിനാൽ 2021-22 വർഷത്തിൽ 8,84,932 രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 18/25.2.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള പദ്ധതികൾ പഞ്ചായത്തിന് ബാധ്യതയാകാത്ത വിധം ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 കുടിവെള്ള ഹോസ് വാങ്ങിയത് - ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഹാജരാക്കിയില്ല 4200/-രൂപ തടസ്സപ്പെടുത്തുന്നു

വാർഡ് 4-ൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഹോസ് വാങ്ങിയ ഇനത്തിൽ ലിന്റി ഷിജു എന്നയാൾക്ക് വൌച്ചർ നമ്പർ 22100111/30.4.2021 പ്രകാരം 4200 രൂപ നൽകിയിട്ടുണ്ട്. ഹോസ് വാങ്ങിയ സ്ഥാപനത്തിന്റെ ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. ഹോസ് വിറ്റ സ്ഥാപനത്തിന്റെ പേര് പോലും ഇല്ലാത്ത എസ്റ്റിമേറ്റ് എന്ന് രേഖപ്പെടുത്തിയ പേപ്പറിലാണ് തുക എഴുതിയിരിക്കുന്നത്. കൂടാതെ ഹോസ് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ

19/25.2.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-30 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല 200000 രൂപ തടസ്സപ്പെടുത്തുന്നു.

താഴെ പറയും പ്രകാരം 450000 രൂപ മഴക്കാലപൂർവ്വ ശുചീകരണം എന്നയിനത്തിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ 18 വാർഡ് തല ശുചീകരണ സമിതികൾക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|
| 1 | 22100225/24.5.2021 | 90000 |
| 2 | 22100224/24.5.2021 | 180000 |
| 3 | 22101300/12.1.2022 | 10000 |
| 4 | 22101301/12.1.2022 | 10000 |
| 5 | 22101302/12.1.2022 | 10000 |
| 6 | 22101303/12.1.2022 | 10000 |
| 7 | 22101304/12.1.2022 | 10000 |
| 8 | 22101305/12.1.2022 | 10000 |
| 9 | 22101306/12.1.2022 | 10000 |
| 10 | 22101307/12.1.2022 | 10000 |
| 11 | 22101308/12.1.2022 | 10000 |
| 12 | 22101309/12.1.2022 | 10000 |
| 13 | 22101310/12.1.2022 | 10000 |
| 14 | 22101311/12.1.2022 | 10000 |
| 15 | 22101312/12.1.2022 | 10000 |
| 16 | 22101313/12.1.2022 | 10000 |
| 17 | 22101314/12.1.2022 | 10000 |
| 18 | 22101315/12.1.2022 | 10000 |
| 19 | 22101316/12.1.2022 | 10000 |
| 20 | 22101317/12.1.2022 | 10000 |
| ആകെ | | 450000 |

മേൽപറഞ്ഞ തുകയിൽ 200000 രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | തുക |
|---|---|
| 1 | 25000 |
| 2 | 25000 |
| 3 | 25000 |
| 4 | 10000 |
| 5 | 25000 |
| 6 | 25000 |
| 7 | 10000 |
| 14 | 25000 |

| | |
|---|---|
| 15 | 10000 |
| 16 | 10000 |
| 18 | 10000 |
| ആകെ | 200000 |

ഹാജരാക്കാത്ത ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 20/25.2.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 200000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 മൽസ്യകൃഷി ഇൻഷുറൻസ് നടപ്പിലാക്കണം.

പദ്ധതി നമ്പർ - 186/21-22 – സുഭിക്ഷ കേരളം ബയോഫ്ലോക്ക് മൽസ്യകൃഷി

നിർവ്വഹണോദ്യോഗസ്ഥൻ –സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ – 5,52,000 (തനത് ഫണ്ട്)

ചെലവ് – 73,600

സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ സുഭിക്ഷ കേരളം ബയോഫ്ലോക്ക് മൽസ്യകൃഷി പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്, 29/05/20-ലെ സ.ഉ. (സാധാ) നം 1009/2020/തസ്വഭവ – സുഭിക്ഷ കേരളം പദ്ധതി – ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ – ഖ.4-5 പ്രകാരം മൽസ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കണം. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.11 തിയ്യതി 22-11-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല . ഗുണഭോക്താവിന് കൃഷി നാശത്തിൽ നിന്ന് സംരക്ഷണം നൽകുന്നതിനുതകുന്ന ഇൻഷുറൻസ് സ്കീമിന്റെ ഭാഗമാക്കൽ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ് .

## 1-32 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം

2021-22 വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പാക്കിയ വിവിധ മൃഗ വളർത്തൽ, കോഴി വളർത്തൽ പദ്ധതികളിലായി നിരവധി ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്, പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഇത്തരം പദ്ധതികളുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് ഇതിനായി നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണമെന്നും, ഇതിനായി എല്ലാ ഗുണഭോക്താക്കൾക്കും പരിശീലനം നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കളിൽ ടി പരിശീലനം നേടിയവർ ഉണ്ടോയെന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9 (22/2/23)ന് ലഭ്യമാക്കിയ മറുപടി പ്രകാരം അത്തരം പരിശീലനം നൽകിയിട്ടില്ലെന്നും, എന്നാൽ കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകിയിട്ടുണ്ടെന്നുമാണറിയിച്ചിട്ടുള്ളത്. വകുപ്പു തല പരിശീലനം ലഭ്യമായിട്ടുള്ള ആരും തന്നെയില്ലായെന്നാണ് ഓഡിറ്റ് നിരീക്ഷിക്കുന്നത്.

പദ്ധതികളുടേയും, ഗുണഭോക്താക്കളുടെയും ബാഹുല്യം കൊണ്ട് മാത്രം പദ്ധതികൾ വിഭാവനം ചെയ്യുന്ന മുഴുവൻ ലക്ഷ്യവും കൈവരിക്കാൻ സാധിക്കില്ല, മികച്ച രീതിയിലുള്ള പരിശീലനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകൾ ഗുണഭോക്താക്കൾ കൈവരിക്കുന്നതിനായുള്ള മേൽ നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

## 1-33 സ്പോർട്ട്സ് കിറ്റ് വിതരണം -അപാകതകൾ

പദ്ധതി നമ്പർ -157/21-22

അംഗീകൃത യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ –ഹെഡ് മാസ്റ്റർ ഗവ.എൽ.പി.എസ്.

അടങ്കൽ -1,80,000

ചെലവ് - 1,04,000

ഹെഡ് മാസ്റ്റർ ഗവ.എൽ.പി.എസ്. നിർവ്വഹണം നടത്തിയ അംഗീകൃത യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം പദ്ധതി പ്രകാരം ഇരുപത്തിയാറ് രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് പ്ലേ ബാൾ സ്പോർട്ട്സ് വാടാനപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്ന് ബിൽ നം.1051/ തിയ്യതി 31/3/22 പ്രകാരം ഫുട്ബോൾ,വോളിബോൾ,ടെന്നീസ് ബാൾ,വോളിബോൾ നെറ്റ്, കാരം ബോർഡ് എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. 16/8/21 തിയ്യതിയിലെ 1(14) കമ്മിറ്റി തീരുമാനം പ്രകാരം 15 ക്ലബ്ബുകൾ മാത്രമാണ് ഗുണഭോക്ത പട്ടികയിലുൾപ്പെട്ടിരിക്കുന്നത്. പരിധിയിൽ കവിഞ്ഞ് സഹായം അനുവദിച്ചതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8 തിയ്യതി 22/2/23 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ, തിയ്യതി 14-2-18 7-6-13(2) പ്രകാരം കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജനക്ലബ്ബുകളുടെ ഏകോപനസമിതി നിശ്ചയിക്കണം, മാത്രമല്ല അടങ്കൽ തുക പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യത്തിൽ 26/3/18 ലെ സ.ഉ.811/18/ത.സ്വ.ഭ.വ. പ്രകാരം അയ്യായിരം രൂപയുടെ ഉപകരണങ്ങൾ വാങ്ങി നൽകാമായിരുന്നിരിക്കെ 4000/- രൂപയുടെ ഉപകരണങ്ങൾ മാത്രമേ വാങ്ങി നൽകിയിട്ടുള്ളൂ. ഓരോ ക്ലബ്ബുകൾക്കും വിതരണം ചെയ്തിരിക്കുന്ന ഉപകരണങ്ങൾ ആവശ്യകതാ നിർണ്ണയപ്രകാരമുള്ളതല്ലായെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു. യുവജനങ്ങളുടെ കായികശേഷി വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശത്തിലാണ് സർക്കാർ ഇത്തരത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്. ആയതിനാൽ മേലിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് വാങ്ങലുകൾ യുക്തി സഹമാകണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-34 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷണർ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | സാവിത്രി | 107480600 | വാർദ്ധക്യകാല പെൻഷൻ | 23.08.2021 | 177/2021 | സസ്പെൻഡ് | 08/21 – 10/21 | 1600 | 3200 | 3200 |
| 2 | വാസുദേവൻ | 102040204249 | വാർദ്ധക്യകാല പെൻഷൻ | 31.05.2021 | 186/2021 | ആക്ടീവ് | 05/21 – 11/22 | 1600 | 28800 | 28800 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 32000 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ കൈപ്പറമ്പ് പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | പരമേശ്വരൻ | 2220282658 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ | 26.09.2021 | 171/2021 | ആക്ടീവ് | 09/21 – 11/22 | 1600 | 22400 | 22400 |
| 2 | ലോനപ്പൻ | 2220282612 | ക്ഷേമനിധി ബോർഡ് | 05.11.2021 | 188/2021 | സസ്പെൻഡഡ് | 11/21 – 11/22 | 1600 | 19200 | 19200 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | പെൻഷൻ, കർഷക പെൻഷൻ | | | | | | | |
| ആകെ അധികം നൽകിയ തുക | | | | | | | | | | 41600 |

മേൽ കാര്യത്തിന് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 23/25.02.23) മുഖേന ആവശ്യപ്പെട്ടിരുന്നു എങ്കിലും മറുപടി ലഭ്യമായില്ല. കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുമായവരുടെ വിവരം അതത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനർഹമായി നൽകിയ തുക എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-35 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ ആവശ്യത്തിലേക്കായി ഉപയോഗത്തിലിരിക്കുന്ന KL 08-AZ-5080 മാരുതി ഓമ്നിയുടെ ലോഗ് ബുക്ക്, പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ ശരിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന./02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-36 ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം.

പഞ്ചായത്തിൽ നായ/പന്നി ലൈസൻസ് അനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 21-22 വർഷത്തിൽ 64 നായകൾക്ക് ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10 തി. 22/02/23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2019ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 1224 വളർത്ത് നായ്ക്കളുണ്ടെന്നും, എന്നാൽ നടപ്പ് വർഷത്തിൽ 766 എണ്ണത്തിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. എല്ലാ നായകൾക്കും ലൈസൻസ് എടുക്കുന്നില്ലെന്നും, പേ വിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ലെന്നും വ്യക്തമാണ്, മാത്രമല്ല ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട 12,240 രൂപയിൽ 640 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കേരള പഞ്ചായത്ത് രാജ് റൂൾ4/1998 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നം.W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും

ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്.

വളർത്തു നായ്ക്കളിൽ നിന്ന് പേ വിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവ് മാനിച്ച് കൊണ്ട്, 8/8/21 തിയ്യതിയിലെ സർക്കുലർ നം. RC3/24/ത.സ്വ.ഭ.വ പ്രകാരം ആവശ്യമായ ബോധവൽക്കരണം നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മണ്ണ് പ്രവൃത്തിക്ക് അധിക നിരക്കിൽ ജി എസ് ടി നൽകി - നഷ്ടം 17841/-രൂപ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം നടപ്പാക്കിയ പ്രോജക്ടിൽ അധിക നിരക്കിൽ ജി എസ് ടി അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് | 77/22 – കാനകൾ വൃത്തിയാക്കൽ |
| അടങ്കൽ | 2,91,000/- (പൊതു - സാധാരണ) |
| ചെലവ് | 2,85,462/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 14/16.11.2021 |
| കരാറുകാരൻ | പ്രദീപൻ എം എസ് |
| എം ബി നമ്പർ | 52/20-21 |
| ആകെ പ്രവൃത്തി മൂല്യം | 254877/- |
| ജി എസ് ടി 12% | 30585.25 |
| ആകെ ബിൽതുക | 285462 |

കേന്ദ്ര ജി എസ് ടി ആക്ട് 2017 സെക്ഷൻ 2 ക്ലോസ് 119 പ്രകാരം ഈയിനം പ്രവൃത്തിക്ക് 5% ജി എസ് ടി മാത്രമേ നൽകേണ്ടതുള്ളൂ. അതിനു പകരം 12% ജി എസ് ടി അനുവദിച്ചതിനാൽ 17841 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/22.2.2023 -ന് മറുപടിയായി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 12% ജി എസ് ടി ഉൾപ്പെടുത്തിയതിന് പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി ലഭ്യമാക്കിയത് പ്രകാരമാണ് 12% ജി എസ് ടി അനുവദിച്ചത് എന്നാണ് അറിയിച്ചത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അർഹതയുള്ള ജി എസ് ടി നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് പകരം കൂടിയ നിരക്ക് ഉൾപ്പെടുത്തിയതിനാൽ താഴെ പറയുംപ്രകാരം 17841 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി പൊതു വിഭാഗം വികസനഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| | അനുവദിച്ച തുക | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|
| പ്രവൃത്തിമൂല്യം | 254877 | 254877 | 0 |
| ജി എസ് ടി | 30585 | 12744 | 17841 |
| ആകെ | 285462 | 267621 | 17841 |

### 3-2 കരാർ തുകയിൽ ക്ലിപ്തപ്പെടുത്തിയില്ല - കരാറുകാരന് 2461/- രൂപ അധികം നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ തുക കരാർ തുക (Agreed P A C)-യിൽ ക്ലിപ്തപ്പെടുത്താതിരുന്നതിനാൽ 2461 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 56/22 |
| പ്രോജക്ടിന്റെ പേര് | മേഞ്ചേരി റോഡ് ടാറിങ്ങ് |
| അടങ്കൽ (MFR) | 275000/- |
| ചെലവ് | 275000/- |
| ട്രഷറി ബിൽ നമ്പർ/തീയതി | 2/27.7.2021 |
| കരാറുകാരൻ | രമേഷ് ഇ ആർ |
| അളവ് പുസ്തകം നമ്പർ | 9/2020-21 |
| എഗ്രിമെന്റ് നമ്പർ | 14/20-21/AE/LSGD/KGP Dt.25.6.2020 |
| Agreed PAC | 243338/- |

കരാറുകാരന് നൽകിയ തുകയുടേയും നൽകേണ്ടിയിരുന്ന തുകയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക (PAC പ്രകാരം) |
|---|---|---|
| പ്രവൃത്തിമൂല്യം | 248791.12 | 243338 |
| GST 12% | 29854.96 | 29201 |
| ആകെ | 278646.05 | 272539 |
| നൽകിയ തുക | 275000 (Limited To T.S.Amount) | |

അധികം നൽകിയത് = 275000 – 272539 = 2461 രൂപ

മുകളിൽ പറഞ്ഞതുപ്രകാരം ആകെ 2461 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ആയതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കുവാൻ ഓഡീറ്റ് അന്വേഷണം നമ്പർ 7/22.2.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി എഗ്രിമെന്റ് തുകയിലല്ല, സാങ്കേതിക അനുമതി തുകയിലാണ് ബിൽ തുക ലിമിറ്റ് ചെയ്യാറുള്ളത് എന്നാണ് അറിയിച്ചത്. എന്നാൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ തന്നെ മറ്റ് പല വർക്കുകളും എഗ്രിമെന്റ് തുകയിൽ ലിമിറ്റ് ചെയ്താണ് നൽകികാണുന്നത്. ആയതിനാൽ നഷ്ടം വന്ന തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 548100 | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 0 | 548100(ട്രഷറി ബാലൻസ് തുക സർക്കാർ പിൻവലിച്ചു) |

| | | | | | |
|---|---|---|---|---|---|
| | | 1000000 | വാർഡ് 14- പെരിങ്ങന്നൂർ ഇന്ദിരാഗാന്ധി കുടിവെള്ള പദ്ധതി എസ്.സി | 47013 | 952987/-(ട്രഷറി ബാലൻസ് തുക സർക്കാർ പിൻവലിച്ചു) |
| | | 54177 | കോവിഡ് സ്പെഷ്യൽ പ്രോജക്ട് | 54177 | 0 |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക (ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് മാത്രം. മുൻവർഷങ്ങളിലെ തുക ഉൾപ്പെടാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല) |
|---|---|---|---|---|
| ജില്ലാ ഭൂജല വകുപ്പ് | വാർഡ് 4-കൊള്ളന്നൂർ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി | 91000 | 0 | 91000 |
| ജില്ലാ ഭൂജല വകുപ്പ് | വാർഡ് 17-വൃന്ദാവൻ കുടിവെള്ള പദ്ധതി | 60000 | 0 | 60000 |
| ജില്ലാ ഭൂജല വകുപ്പ് | വാർഡ് 14-പെരിങ്ങന്നൂർ ഇന്ദിരാഗാന്ധി കുടിവെള്ള പദ്ധതി എസ് സി | 92000 | 0 | 92000 |
| ജില്ലാ ഭൂജല വകുപ്പ് | അകംപാടം കുടിവെള്ള പദ്ധതി നവീകരണം | 100000 | 0 | 100000 |
| ജില്ലാ ഭൂജല വകുപ്പ് | എംസിഎഫ് പരിസരത്ത് കുഴൽകിണർ നിർമ്മാണം | 97000 | 0 | 97000 |
| ജില്ലാ ഭൂജല വകുപ്പ് | വാർഡ് 1 നേതാജി കുടിവെള്ള | 390000 | 0 | 390000 |

| | | | | |
|---|---|---|---|---|
| | പദ്ധതി ടാങ്ക് സ്ഥാപിക്കൽ | | | |
| ജില്ലാ ഭൂജല വകുപ്പ് | വാർഡ് 2 കെ ആർ നാരായണൻ കുടിവെള്ള പദ്ധതി എസ് സി | 83986 | 0 | 83986 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 836000 | 0 | 836000 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ ബാക്കി തുക അടവാക്കൽ | 109864 | 0 | 109864 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,00,00,000/- | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല | |
| 3 | ആകെ | 2,00,00,000/- | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,00,00,000/- | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം - മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | തുക |
| | | 1. FD NO: 103140010181085-10/07/2020 | 25,00,000/- |
| | | 2. FD NO: 103140010181086-10/07/2020 | 25,00,000/- |
| | | 3. FD NO: 103140010181087-10/07/2020 | 25,00,000/- |
| | | 4. FD NO: 103140010181088-10/07/2020 | 25,00,000/- |

| | | |
|---|---|---|
| | 5. FD NO: 103140010181089-10/07/2020 | 25,00,000/- |
| | 6. FD NO: 103140010181090-10/07/2020 | 25,00,000/- |
| | 7. FDNO: 103140010177309-24/07/2018 | 25,00,000/- |
| | 8. FDNO:103140010177310 – 10/07/2020 | 25,00,000/- |
| | Total | 2,00,00,000/- |

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് പദ്ധതി | 0 | -- | 8624000 | 968000 | 0 | 7656000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 2011-12 | 2.3 | 1250 | Manager, DBL | 121180400001/6.5.2021 |
| 2015-16 | 2.1.2 | 5000 | Tahsildar(revenue Recovery) | 1211180400003/16.7.2021 |
| 2011-12 | 2.4 | 2000 | Managing Partner | 121180101397/27.7.21 |
| 2020-21 | ENQUIRY | 1568 | Bastian | 121180102108/06.09.2021 |
| 2020-21 | Enquiry | 4104 | Manojan | 121180102109/06.09.2021 |
| 2011-12 | 2.4 | 728 | ശ്രീധരൻ പി എ | 121180102376/15.9.2021 |
| 2015-16 | 2.1.2 | 2640 | Baby | 121180400035/2.11.2021 |
| 2015-16 | 2.1.2 | 2640 | Raghu | 121180400038/24.1.2022 |
| 2007-08 | 2.1.1 | 2500 | Manager, KSBC | 121180108016/22.2.2022 |
| 2008-09 | 2.3.1 | 2500 | Manager, KSBC | 121180108016/22.2.2022 |

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 1999-2000 | 25 | 2003-04 | 3.8.1.1 | കായികശില്പശാല – അംഗീകാരമില്ലാതെ ചെലവ് | ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി മുൻപാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2 | 1999-2000 | 4 | 2003-04 | 3.8.1.2 | സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി | ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി മുൻപാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 3 | 1999-2000 | 43 | 2003-04 | 3.8.1.3 | മരാമത്ത് വേലകൾക്ക് അധിക ചെലവ് | ലോക്കൽ ഫണ്ട് അക്കൌണ്ട്സ് കമ്മിറ്റി മുൻപാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 4 | 2015-16 | 2.1 | 2016-17 | 2.2 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിങ്ങ് സൂപ്പർവൈസർമാർ, എഞ്ചിനീയർമാർ, പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് പ്രതിഫലം കൈപ്പറ്റിയിട്ടുള്ള കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | ജില്ലാ പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ മുൻപാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 5 | 2016-17 | 3-17 | 2017-18 | 1.8 എ | നിഷ്ക്രിയ ആസ്തികൾ പ്രയോജനപ്രദമാക്കുന്നതിന് സത്വര നടപടികൾ ഉണ്ടാകുന്നില്ല | പണി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചതാണ്. അക്കൌണ്ട്സ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിന് ന്യൂനതാപരിഹാര പത്രിക തയ്യാറാക്കിയിട്ടുണ്ട്. |

| | | | | | | |
|---|---|---|---|---|---|---|
| 6 | 2016-17 | 3-17 | 2017-18 | 1.8ബി | നിഷ്ക്രിയ ആസ്തികൾ പ്രയോജനപ്രദമാക്കുന്നതിന് സത്വര നടപടികൾ ഉണ്ടാകുന്നില്ല – പിക്കപ്പ് വാൻ | വാൻ ലേലം ചെയ്ത് കയ്യൊഴിഞ്ഞു. അക്കൌണ്ട്സ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിന് ന്യൂനതാപരിഹാര പത്രിക തയ്യാറാക്കിയിട്ടുണ്ട്. |
| 7 | 2016-17 | -- | 2017-18 | അനുബന്ധം 5 പഞ്ചായത്ത് ഗ്രൌണ്ട് | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല | അക്കൌണ്ട്സ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിന് ന്യൂനതാപരിഹാര പത്രിക തയ്യാറാക്കിയിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92087391 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88691391 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20,302 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,58,108 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

1) സർച്ചാർജ് നടപടി വഴി ഈടാക്കേണ്ടത്

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 17,841 | സിനി തോമസ് പി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 2,461 | സിനി തോമസ് പി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 20,302 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 9,22,908 | സുരേഷ് കെ.എസ്, സെക്രട്ടറി |
| 1-24 | 31,000 | സുരേഷ് കെ.എസ്, സെക്രട്ടറി |
| 1-29 | 4,200 | സുരേഷ് കെ.എസ്, സെക്രട്ടറി |
| 1-30 | 2,00,000 | സുരേഷ് കെ.എസ്, സെക്രട്ടറി |
| ആകെ | 11,58,108 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുരേഷ് കെ.എസ്, സെക്രട്ടറി | സെക്രട്ടറി കോടശ്ശേരി ഗ്രാമപഞ്ചായത്ത് | കളിയത്ത് വീട്, കൊരട്ടി സൗത്ത് പി.ഒ., വഴിച്ചാൽ, കിഴക്കുമ്മുറി പിൻ: 680308 |
| സിനി തോമസ് പി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | അനുഗ്രഹ പി.ഒ. പുതുക്കാട് തൃശ്ശൂർ പിൻ: 680301 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT 21-1468/1/98 Dtd.22.7.99 | 3 | 27, 29, 35 | |
| 2 | 1998-99 | LFT 21-1229/2000 Dtd.24.10.2000/ 04.12.2000 | 8 | 25, 32, 37, 38, 39, 40, 41, 42 | |
| 3 | 1999-2000 | LFT 12-1348/2002 Dtd.09.04.03 | 18 | 24, 25, 26, 28(a), 29, 30, 32, 34, 35, 36, 37, 38, 39, 40, 41(a,b,c), 43(a,b,c,d,e), 47, 48 | |
| 4 | 2000-01 | LFT 12-1534/2007 Dtd.22.09.08/ 15.10.08 | 4 | 3-2, 3-3, 3-4, 3-6 | |
| 5 | 2001-02 | LFT 12-1535/2007 Dtd.22.09.08/ 16.10.08 | 3 | 3-1, 3-2, 3-3 | |
| 6 | 2000-01 & 2001-02 (ജനകീയാസൂത്രണം) | LFT 12-1584/2003 Dtd.11.03.04/ 12.07.04 | | ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കാനവശേഷിക്കുന്നു. | |

| | | | | | |
|---|---|---|---|---|---|
| 7 | 2002-03 | LFT 12-1533/07 Dtd.22.09.18/ 16.10.08 | 5 | 3-2, 3-6, 3-8, 3-10, 3-11 | |
| 8 | 2003-04 | LFT 12-1532/2007 Dtd.22.09.18/ 16.10.08 | 1 | 3-6 | |
| 9 | 2004-05 | LFT 12-25/09 Dtd.06.04.10 | 14 | 2-1, 2-2, 2-3, 2-4, 3-1, 3-2, 3-3(5), 3-3(7), 3-4(1)(2)(3)(4)(5)(6)(7)(8), 3-5, 3-6, 3-9, 3-10, 3-11, 3-15 | |
| 10 | 2005-06 | LFT 12-1379/2009 Dtd.20.07.10/ 02.11.10 | 10 | 2-1, 2-2, 3-2, 3-2(a), 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10 | |
| 11 | 2006-07 | LFT 12-1380/2009 Dtd.20.07.10 | 8 | 2-1, 2-2, 2-3, 3-3, 3-7, 3-11, 3-12, 3-13 | |
| 12 | 2007-08 | LFT P3-1617/2011 Dtd.21.12.2011 | 4 | 3-1, 3-2, 3-4, 3-5 | |
| 13 | 2008-09 | LFT P3-1615/2011 Dtd.21.12.2011/ 03.04.12 | 1 | 2-6 | |
| 14 | 2009-10 & 2010-11 | LFT P3-1347/2012 Dtd.22.11.12/ 08.03.13 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-8, 2-9, 3-2, 3-6, 3-10, 3-12, 3-13, 3-14 | |
| 15 | 2011-12 | LFT P3-2077/2013 Dtd.14.03.14 | 9 | 2-1, 2-3, 3-5, 3-6, 3-7, 3-9, 3-11, 3-12, 3-13 | |
| 16 | 2012-13 | LFT P3-1231/2014 Dtd.01.12.14/ 12.01.15 | 7 | 2-3(a)(b), 2-4(a)(b)(c), 3-1, 3-4, 3-8, 3-9, 3-13 | |
| 17 | 2013-14 | KSA-TSR-P3-699/15 Dtd.28.09.15 | 3 | 2-7, 3-1, 3-3, 3-9 | |
| 18 | 2014-15 | KSA-TSR-P3-713/2016 Dtd.26.05.16 | 4 | 2-6, 3-5, 3-7, 3-8 | |
| 19 | 2015-16 | KSA-TSR-P3-1729/16 Dtd.19.10.16 | 2 | 2-1, 3-1 | |
| 20 | 2016-17 | KSA-TSR-P3-1225/2017 Dtd.10.08.17 | 9 | 2-1, 2-4, 2-6, 2-10, 3-1, 3-7, 3-12, 3-16, 3-17 | |

| | | | | | |
|---|---|---|---|---|---|
| 21 | 2017-18 | KSA-TSR-P3-604/2018 Dtd.23.11.18/ 07.12.18 | 12 | 1-12, 2-1, 2-6, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-11, 3-13 | |
| 22 | 2018-19 | KSA-TSR-P3 1058/19 Dtd.18/09/2019 | 18 | 1-12, 2-1, 2-2, 2-3,3-1 മുതൽ 3-14 വരെ | |
| 23 | 2019-20 | KSATSR(P6 ) 983 /2022 Dtd.01/07/2022 | 34 | 1-10 മുതൽ 1-43 വരെ | |
| 24 | 2020-21 | KSA-TSR(P6)984/2022 Dtd.05/07/2022 | 25 | 1-10 മുതൽ 1-24 വരെ | |
| | | ആകെ | 216 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്